"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് - 2008-2009 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt) No.2127/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 31.01.2022 ലെ പി എ എൻ/1244/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 01.02.2023 ലെ ഡി.കെ.എസ്.എ 4261/പി.റ്റി2 / 2022 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ" എന്ന പ്രവൃത്തിയ്ക്ക് (പ്രോ.നം. 90/2009) ചെലവായ 26,415/- രൂപ പ്രസ്തുതയിനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2008--09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ റൂറൽ ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ സമൂഹത്തിലെ സാമൂഹികമായും സാമ്പത്തികയമായും വിദ്യാഭ്യാസപരമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണ് പട്ടിക വർഗ്ഗ വിഭാഗമെന്നും ജനസംഖ്യയിൽ വളരെ കുറവായ ഇവരിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകിയതിലൂടെ പഠിക്കാനാവശ്യയമായ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഒരുക്കി നല്കാനായിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ ധനനഷ്ടം ഉണ്ടായിട്ടില്ലെന്നും പദ്ധതിയിൽ ധനദുർവിനിയോഗം നടത്തിയിട്ടില്ലെന്നു ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി പ്രസ്തുത ചെലവ് സർക്കാർ സാധൂകരണം നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും പുനരഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാൽ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ. 3-9 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്

എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിലെ പാണിക്കൻ മലയ കോളനിയിലെ 9 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 9 മേശയും 9 കസേരയും വാങ്ങി നൽകിയതിൽ 24,075/- രൂപ വികസന ഫണ്ടും 2,340/- രൂപ തനത് ഫണ്ടും ഉൾപ്പെടെ ആകെ 26,415/- രൂപ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം. 183/2007 ത.സ്വ.ഭ.വ തീയതി 24.07.2007 പ്രകാരം നൽകുവാൻ പാടില്ലാത്ത ഇനമായ ഫർണിച്ചർ വാങ്ങി നൽകിയതിന് ഉപയോഗിച്ചതിനാലാണ് തടസപ്പെടുത്തിയിരുന്നത്. എന്നിരുന്നാലും തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം തടസ്സപ്പെടുത്തിയ **26,415/ രൂപയുടെ (ഇരുപത്തി ആറായിരത്തി നാനൂറ്റി പതിനഞ്ച് രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/31/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 27-08-2025 14:58:03

സെക്ഷൻ ഓഫീസർ